LIBRARY ARCHIVES Kerala Legislative Assembly

തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ വികസനം

85 [667] *ശ്രീ. കെ. സി. ജോസഫ്:* താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയ തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ വിട്ടുപോയ ഭാഗങ്ങളുടെ പ്രവൃത്തി തുടങ്ങാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെങ്ങളായി ടൗൺ, ശ്രീകണ്ഠപുരം ടൗൺ, ഇരിക്കൂർ ടൗൺ തുടങ്ങിയ ഭാഗങ്ങളിലെ അപ്ഗ്രഡേഷൻ പ്രവൃത്തികൾ ടെണ്ടർ വിളിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടാംഘട്ട അപ്ഗ്രഡേഷന്റെ പണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ടെൻഡർ നടപടി പൂർത്തിയാക്കി ലോകബാങ്കിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പാലം പണികൾ

86 [668] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കുകയുണ്ടായെന്നും അവ ഏതെല്ലാം പാലങ്ങളാണെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പാലങ്ങൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നിർമ്മാണം ഏത് ഘട്ടംവരെ എത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയതും നിർമ്മാണപ്രവർത്തനങ്ങൾ ടെണ്ടർ ചെയ്തതുമായ ഏതെല്ലാം പാലങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പുതിയപുഴ പാലം, തോട്ടം കടവുപാലം എന്നിവയുമായി ബന്ധപ്പെട്ട് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?